പ്രവേശന കമ്മീഷണർ/സർക്കാർ നിശ്ചയിക്കുന്ന ഫീസിനും മാനദണ്ഡത്തിനും വിധേയമായി പ്രവേശനം നൽകുന്നു. മറ്റു കോഴ്സുകൾക്ക് യൂണിവേഴ്സിറ്റി സ്വാശ്രയ കോഴ്സുകൾക്ക് നിശ്ചയിച്ചിട്ടുള്ള ഫീസിനും മാനദണ്ഡത്തിനും വിധേയമായി പ്രവേശനം നൽകുന്നു. എൽ.ബി.എസ്. സെന്ററിനു കീഴിലുള്ള കാസർഗോഡ് എഞ്ചിനീയറിംഗ് കോളേജിൽ 2008-09 അധ്യയന വർഷം മുതൽ ബി.ടെക് (സിവിൽ എഞ്ചിനീയറിംഗ്) കോഴ്സ് ആരംഭിച്ചിട്ടുണ്ട്. കേരളാ സർവ്വകലാശാലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വാശ്രയ കോളേജുകൾ തുടങ്ങിയ പുതിയ കോഴ്സുകളുടെ വിശദവിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

70 (3818) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇവയുടെ എണ്ണം 2006 മേയ് മാസത്തിൽ എത്രയായിരുന്നു ;

(സി) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം, മെഡിക്കൽ, ദന്തൽ, എഞ്ചിനീയറിംഗ്, നേഴ്സിംഗ്, ആയുർവേദം, ഫാർമസി, ഹോമിയോ, ലോ, മാനേജ്മെന്റ്സ ആർട്സ് & സയൻസ് എന്നിവ ഇനം തിരിച്ച് നൽകുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ഉന്നതവിദ്യാഭ്യാസം തേടി അന്യ സംസ്ഥാനങ്ങളിലേക്ക് പോകുന്നവരുടെ എണ്ണം കുറയ്ക്കാൻ നടപടി

71 (3819) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നതവിദ്യാഭ്യാസം തേടി അന്യസംസ്ഥാനങ്ങളിലേക്ക് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറയ്ക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) അന്യസംസ്ഥാനങ്ങളിൽ ഉപരിപഠനത്തിനായി ഓരോ വർഷവും പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം എത്രയെന്ന് വെളിപ്പെടുത്തുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly